## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*16 — 28.11.2018 ൽ മറുപടിക്ക്

## ആയുഷ്മാൻ ഭാരത് പദ്ധതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>,, പി.വി. അൻവർ<br>,, കെ.ജെ. മാക്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയുഷ്മാൻ ഭാരത് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;പ്രസ്തുത പദ്ധതിയിൽ സംസ്ഥാനം ഭാഗഭാക്കാകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | സാമൂഹിക സാമ്പത്തിക ജാതി കണക്കെടുപ്പ് പ്രകാരം തിരിച്ചറിയപ്പെട്ട ദുർബല വിഭാഗങ്ങൾക്കും നിലവിൽ സജീവമായ ആർ.എസ്.ബി.വൈ കുടുംബങ്ങൾക്കും അഞ്ചു ലക്ഷം രൂപ വരെയുള്ള ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ടാണ് പദ്ധതി കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ചികിത്സ ആനുകൂല്യം ഗുണഭോക്താക്കൾക്കു നൽകുന്നു. സാമ്പത്തിക ജാതി കണക്കെടുപ്പ് പ്രകാരം കേരളത്തിൽ 18.58 ലക്ഷം കുടുംബങ്ങളും ആർ.എസ്.ബി.വൈ. പദ്ധതിയിൽ 21.57 ലക്ഷം കുടുംബങ്ങളാണ് ഉള്ളത്. ആയതിനാൽ കേരളത്തിലെ ആർ.എസ്.ബി.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾ ആരും തന്നെ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. പദ്ധതിയുടെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയിൽ സംസ്ഥാനം,ഭാഗമാകാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും പദ്ധതിയുടെ പ്രതിശീർഷ പ്രീമിയം എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയിരിക്കുന്ന തുകയെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. പദ്ധതി ഇൻഷ്വറൻസ് രീതിയിൽ സംസ്ഥാനത്തു നടപ്പാക്കുന്നതെങ്കിൽ പ്രീമിയം സംബന്ധിച്ച വിവരങ്ങൾ ടെൻഡർ പ്രക്രിയ കഴിഞ്ഞതിനു ശേഷമേ കണക്കാക്കാനാകുകയുള്ളൂ. |
| (സി) | നിലവിലെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ.) പദ്ധതിക്ക് പുറമെയാണോ പുതിയ പദ്ധതി;ആർ എസ് ബി വൈ പദ്ധതിക്കായി കേന്ദ്ര സർക്കാർ വിഹിതമെത്രയെന്നും അതിനായി ആകെ | (സി) | ആർ.എസ്.ബി.വൈ. പദ്ധതിക്കു പകരമായി വരുന്ന പദ്ധതിയാണ് പുതിയ പദ്ധതി. ആർ.എസ്.ബി.വൈ. പദ്ധതിക്കായി കേന്ദ്ര സർക്കാർ 60 ശതമാനം തുക നിലവിൽ നൽകി വരുന്നു. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ |

ചെലവഴിക്കുന്ന തുകയെത്രയെന്നും അറിയിക്കാമോ; ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| 2008-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| 42.00 | 43.00 | 66.00 | 129.00 | 111.00 |

| 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 115.00 | 102.00 | 67.43 | 83.40 | 86.91 |

ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ചുവടെ ചേർക്കുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും, സാമൂഹ്യ സുരക്ഷയും ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ). ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. സംസ്ഥാനത്ത് തൊഴിൽ വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നോഡൽ വകുപ്പാണ് തൊഴിൽ വകുപ്പ്, തൊഴിൽ വകുപ്പിന്റെ കീഴിൽ ആർ.എസ്.ബി.വൈ. /ചിസ് പദ്ധതി നടത്തിപ്പിനായി രൂപീകൃതമായ സ്ഥാപനമാണ് ചിയാക്ക് (Comprehensive Health Insurance Agency of Kerala).

സേവനങ്ങൾ

- ഒരു വർഷത്തിൽ ഒരു കുടുംബത്തിന് സി.എച്ച്.സി.ക്കു മുകളിലുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കും.
- ഒരു കുടുംബത്തിലെ അഞ്ച് പേർക്കാണ് സഹായം അനുവദിക്കുക. അതായത് കുടുംബനാഥനോ/നാഥയോ, പങ്കാളിയും പിന്നെ മൂന്ന് ആശ്രിതർക്കും, പങ്കാളിയുടെ അഭാവത്തിൽ നാലാമത്തെ അംഗത്തെ കുടുംബനാഥ/നാഥയ്ക്ക് തിരഞ്ഞെടുക്കാവുന്നതാണ്.
- തുക ഒരു അംഗത്തിന് മാത്രമായോ അഞ്ച് അംഗങ്ങൾക്കായോ

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്താവുന്നതാണ്.<br><br>• ജനറൽ വാർഡിൽ സൗജന്യ കിടത്തി ചികിത്സയാണ് ലഭിക്കുക.<br><br>• കിടത്തിച്ചികിത്സിക്കുമ്പോൾ ആവശ്യമായി വരുന്ന മരുന്നുകൾ, സ്കാനിംഗ് ഉൾപ്പടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും.<br><br>• നിലവിൽ രോഗികളായവർക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.<br><br>• പ്രസവചികിത്സയ്ക്കും പദ്ധതി സൗജന്യം ലഭിക്കും.<br><br>• ചികിത്സ കഴിഞ്ഞു മടങ്ങുമ്പോൾ നൂറു രൂപ യാത്രാക്കൂലി ലഭിക്കും.<br><br>• പദ്ധതിയിൽ ചേരുന്നതിനു പ്രായപരിധി ഇല്ല.<br><br>• പേപ്പർലസ്/ക്യാഷ് ലെസ് ആയിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ചികിത്സയ്ക്കായി രോഗി ഒരു രൂപയും മുടക്കേണ്ടതില്ല. സ്മാർട്ട് കാർഡ് മാത്രം ആശുപത്രിയിൽ നൽകിയാൽ മതിയാകും.<br><br>• ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ അംഗമായ 60 വയസിനും അതിനു മുകളിൽ പ്രായമുള്ളവർക്ക് എസ് ചിസ് പദ്ധതി വഴി കുടുംബത്തിലെ ഓരോ മുതിർന്ന പൗരനും 30,000/- രൂപയുടെ അധിക ആനുകൂല്യം നൽകി വരുന്നു.<br><br>സർക്കാർ ആശുപത്രികൾക്ക് പദ്ധതി വഴി കിട്ടുന്ന തുക അതാത് ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും, രോഗികൾക്കു മികച്ച വിദഗ്ധ സേവനം നൽകുന്നതിനും ഉപയോഗിക്കാം. പ്രസ്തുത തുക ജനസേവനത്തിന് തിരിച്ചെത്തുന്നു എന്ന പ്രത്യേകതയും ഈ പദ്ധതിയ്ക്ക് ഉണ്ട്.<br><br>ചികിത്സയ്ക്ക് ആവശ്യമായ തുക അതാത് ആശുപത്രികൾക്കാണ് കൈമാറുക. രോഗികൾക്ക് നേരിട്ട് പണം നൽകില്ല. സ്മാർട്ട് കാർഡ് വഴിയാണ് ഇതിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുക. പദ്ധതി നിലവിലുള്ള ആശുപത്രികളിൽ രോഗിയെ സഹായിക്കാൻ ആർ.എസ്.ബി.വൈ. പ്രത്യേക കൗണ്ടറുകൾ ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഭാഗഭാക്കാകുന്നപക്ഷം സംസ്ഥാനത്ത് നിലവിൽ ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നവരെല്ലാം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുമോ; വിശദമാക്കുമോ? | (ഡി) | ഉൾപ്പെടുത്തും, സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ടാണ് പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ